**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.305 — 23.01.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

## തലശ്ശേരി നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തങ്ങൾ

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ ആരോഗ്യവകുപ്പ് എന്തെല്ലാം വികസന പ്രവർത്തങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | 1. ഗവൺമെന്റ് ആശുപത്രി, തലശ്ശേരി<br>ശ്രീ.എ.എൻ.ഷംസീർ, തലശ്ശേരി എം.എൽ.എ യുടെ ആസ്തി വികസന നിധിയിൽ ഉൾപ്പെടുത്തി 1,43,32,349 രൂപ അടങ്കലിൽ പഴയ സർജിക്കൽ വാർഡ് ബിൽഡിംഗ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവാസികളുടെ സഹായത്തോടെ 30 ലക്ഷം രൂപ അടങ്കലിൽ ആധുനിക അത്യാഹിത വിഭാഗം പ്രവർത്തനം ആരംഭിച്ചു. കൂടാതെ മോർച്ചറിയുടെ നവീകരണ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. കാരുണ്യ ഫാർമസി അനുവദിച്ചു യൂറോളജി വിഭാഗം ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രൊഫസർ റിച്ചാർഡ് ഹേ, ബഹു.നോമിനേറ്റഡ് എം.പി. യുടെ ഫണ്ടിൽ നിന്നും 80.86 ലക്ഷം രൂപയ്ക്ക് യൂറോളജി ഉപകരണങ്ങൾ വാങ്ങി പ്രവർത്തനം ആരംഭിച്ചു. പുനർജ്ജനി പദ്ധതി പ്രകാരം പൈതൃക മാതൃകയിൽ കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി നിലവിലുള്ള കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു വരുന്നു. |
| (ബി) | ആയതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ; പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ചും വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | 2. <u>സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തലശ്ശേരി</u><br><br>ആശുപത്രി തുടങ്ങുന്നതിന് വേണ്ടി സർക്കാർ 50 കോടി രൂപ വകയിരുത്തുന്നതായുള്ള 2016-17 ബഡ്ജറ്റ് പ്രസംഗത്തിന്റെ വെളിച്ചത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. പഴയകെട്ടിടം നവീകരിച്ച് ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. അസറ്റ് ഡവലപ്പ്മെന്റ് ഫണ്ട് ഉപയോഗിച്ച് 1 കോടി 80 ലക്ഷം രൂപ അടങ്കലിൽ പി.ഡബ്ല്യൂ.ഡി. മുഖാന്തിരം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. തലശ്ശേരി ആശുപത്രി അടക്കമുള്ള ആരോഗ്യ വകുപ്പിലെ 17 ജില്ലാതല ആശുപത്രികളുടെ ഒ.പി. സംവിധാനത്തിനു വേണ്ടി സൗഹൃദമാക്കുന്നതിനായുള്ള പദ്ധതി (ഒ.പി. ട്രാൻസ്ഫർമേഷൻ പദ്ധതി) നടപ്പിലാക്കുന്നതിനായി 22.50 കോടി രൂപയ്ക്ക് അനുമതി ലഭിച്ചതിൽ 15 കോടി രൂപ National Health Mission ലെയ്ക്ക് പ്രവർത്തനങ്ങൾ നടത്താനായി നൽകിയിട്ടുണ്ട്. ആയതിൽ ടി ആശുപത്രിയ്ക്കായി 1,20,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>3. <u>പ്രാഥമിക ആരോഗ്യകേന്ദ്രം, കോടിയേരി</u><br><br>തലശ്ശേരി നഗരസഭ പദ്ധതിയിൽ ഉൾപ്പെടുത്തി 4.55 ലക്ഷം രൂപ അടങ്കലിൽ ഫാർമസിയും, സ്റ്റോറും നവീകരിക്കുന്നതിനുള്ള പദ്ധതി പൂർത്തിയായി വരുന്നു. ലോകബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭയുടെ ആഭിമുഖ്യത്തിൽ 56.5 ലക്ഷം രൂപ അടങ്കലിൽ ഡയാലിസിസ് |

| | | | |
|---|---|---|---|
| | | | യൂണിറ്റും അനുബന്ധ കെട്ടിടങ്ങളും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിക്കുന്നു. കൂടാതെ ഡയാലിസിസ് യൂണിറ്റിന് 4.89 ലക്ഷം രൂപ അടങ്കൽ ചുറ്റുമതിലും മറ്റ് അനുബന്ധ പ്രവൃത്തികളുടെയും നിർമ്മാണം നടത്തി വരുന്നു.<br>4. <u>പ്രാഥമിക ആരോഗ്യകേന്ദ്രം, കതിരൂർ</u><br>കതിരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ് ഗ്രേഡ്-II, ഒരു ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II, തസ്തികകളിൽ ജീവനക്കാരെ നിയമിക്കുകയും, ആരോഗ്യ ജീവനക്കാർക്കും തദ്ദേശ സ്വയംഭരണ മേധാവികൾക്കും വിദഗ്ധ പരിശീലനം നൽകിയും രോഗികൾക്കും പൊതുജനങ്ങൾക്കും മെച്ചപ്പെട്ട ആരോഗ്യ ചികിത്സയും സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി കേന്ദ്രത്തിലേക്കായി അടിസ്ഥാന സൗകര്യ വികസനത്തിനായി 15,10,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.<br>5. <u>പ്രാഥമിക ആരോഗ്യകേന്ദ്രം, ചൊക്ലി</u><br>ചൊക്ലി പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി 15 ലക്ഷം രൂപ അടങ്കലിൽ പുതിയ കെട്ടിടം പണിയുന്ന പ്രവൃത്തി പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ